# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

**ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡ് നിർമ്മാണത്തിന് വേണ്ടി മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിലെ അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ**



**മലപ്പുറം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

***അർത്ഥനാധികാരി***

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് കമ്പനി (ആർ.ബി.ഡി.സി.കെ) പാലാരിവട്ടം

***ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ***

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) യൂണിറ്റ്– 3, കിഫ്ബി മലപ്പുറം

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്


**രാജഗിരി ഔട്ട്റീച്ച്**
**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**
**കളമശേരി, രാജഗിരി.പി.ഒ, പിൻ: 683 104**
**എറണാകുളം ജില്ല**
**ഫോൺ: 0484 2911332/2550785**
**outreach@rajagiri.edu**
www.rajagirioutreach.in


**21 ഫെബ്രുവരി 2024**

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ പ്രവർത്തിച്ചുവരുന്ന, ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് നിയമം 1955 പ്രകാരം 27.03.2022 ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സർക്കാരിതര സംഘടനയാണ് രാജഗിരി ഔട്ട്റീച്ച്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ ഒരു സാമൂഹ്യ സേവന വിഭാഗമായി രാജഗിരി ഔട്ട്റീച്ച് പ്രവർത്തിക്കുന്നു. സാമൂഹ്യ സേവന പ്രവർത്തനങ്ങളോടൊപ്പം, വിവിധങ്ങളായ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും രാജഗിരി ഔട്ട്റീച്ച് ചെയ്യുന്നുണ്ട്. RFCTLARR 2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി ഔട്ട്റീച്ചിന് ലഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലാ കളക്ടറുടെ 16/12/2023 തീയതിയിലെ വിജ്ഞാപനം നമ്പർ DCMPM/11470/2018-LA3 അനുശാസിക്കുന്നതനുസരിച്ചാണ് മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ ഉൾപ്പെട്ട അങ്ങാടിപ്പുറം വില്ലേജിൽ നിന്ന് ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം രാജഗിരി ഔട്ട്റീച്ച് നടത്തിയിരിക്കുന്നത്. കേരള ഭൂമി ഏറ്റെ ടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാ സത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യപ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യായം:7) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**മീന കുരുവിള**
**പ്രോജക്ട് ഡയറക്ടർ & ചെയർപേഴ്സൺ**

## ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2. പദ്ധതിപ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറവ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6. ലഘൂകരണനടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദ വിവരങ്ങൾ**

2.1. പദ്ധതിനിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ്തുടങ്ങിയവിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതിനിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധമായ അടിസ്ഥാനസൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായതൊഴിൽശക്തി

2.9. മുൻപേനടത്തിയസാമൂഹ്യ/ പരിസ്ഥിതിപ്രത്യാഘാതവിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാരീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക്ഹിയറങ് എന്നിവയുടെ സംക്ഷിപ്തവിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിന്റെമൂല്യനിർണ്ണയം**

4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിന്റെവിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതി പ്രദേശത്തിന്േറത് മാത്രമല്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതിബാധിതപ്രദേശത്തിന്റെസമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്നസ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്നസ്ഥലത്തിന്റെ അളവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയവിവരങ്ങൾ

4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെഭൂമികൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5:ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ളകണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷപ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമിനഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്നപട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാത ബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രദേശത്തെസാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7: സാമൂഹ്യപ്രത്യാഘാതനിയന്ത്രണ ആസൂത്രണം**

7.1. സാമൂഹ്യപ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ളസമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടിക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻവേണ്ടിപദ്ധതിരൂപകൽപനയിൽവരുത്തേണ്ടമാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ടസമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ളവിശദമായപദ്ധതി.

7.7. അർത്ഥനാധികാരിനിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ്നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യപ്രത്യാഘാതനിയന്ത്രണ ആസൂത്രണം.

**അദ്ധ്യായം 8: സാമൂഹ്യപ്രത്യാഘാതദുരീകരണപദ്ധതിസ്ഥാപനസംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെന്േറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ്വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ടസമയക്രമം

**അദ്ധ്യായം 9: സാമൂഹ്യപ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടിവരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണരേഖയും

9.3. സാമ്പത്തിക സ്രോതസ്സ്തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാതദുരീകരണപദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാനസൂചികകൾ

10.2. റിപ്പോർട്ടിങ്ങ്രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്രമൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ്സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.2.1. പഠനത്തിൻെറവിവിധ ഘട്ടങ്ങൾ

3.4.1.പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവരസ്രോതസുകൾ

3.5.1 പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ആശങ്കകളും, ഉദ്യോഗസ്ഥരുടെ മറുപടികളും

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അനുബന്ധ സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ഗതാഗതം, ഊർജം, ആശയ വിനിമയ സംവിധാനം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നവീകൃതമാക്കുന്നതിലൂടെ ജീവിത നിലവാരത്തെ പ്രത്യക്ഷമായി ബാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, എന്നിവ ഉൾപ്പടെയുള്ള സാമൂഹിക അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിന് വഴിതെളിയും. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം ഉണ്ടായിരിക്കുക എന്നത് രാജ്യത്തിൻെറ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ക്രമാനുഗതമായി നടപ്പിലാക്കുന്ന പഞ്ചവത്സര പദ്ധതികളിൽ സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിന് വേണ്ടിയുള്ള കരുതൽ വർദ്ധിപ്പിച്ചുകൊണ്ട് കേരളത്തിൽ എല്ലാ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വിധത്തിലുള്ള സമഗ്രമായ റോഡ് ശൃംഖല വികസിപ്പിച്ചു കൊണ്ടിരിക്കുന്നു.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ ഒരു നഗരമാണ് വൈലോങ്ങര. സംസ്ഥാന പാത 73 ൽ (വളാഞ്ചേരി- നിലമ്പൂർ ഹൈവേ) സ്ഥിതി ചെയ്യുന്ന വൈലോങ്ങര ജംഗ്ഷൻ, അങ്ങാടിപ്പുറം ജംഗ്ഷനെ ജില്ലയിലേയും സംസ്ഥാനത്തിലേയും പ്രധാന പ്രദേശങ്ങളുമായും , നഗരങ്ങളുമായും ബന്ധിപ്പിക്കുന്നു. സംസ്ഥാന പാതയിലെ (SH73) ഏറ്റവും തിരക്കുള്ള സ്ഥലമാണ് അങ്ങാടിപ്പുറം പഞ്ചായത്തിലെ വൈലോങ്ങര ജംഗ്ഷൻ. കോട്ടക്കൽ-വളാഞ്ചേരി പ്രദേശങ്ങളെ ദേശിയ പാത 966 മായി ബന്ധിപ്പിക്കുന്ന പ്രധാന പ്രദേശമാണ് അങ്ങാടിപ്പുറം. ദേശിയ പാത 966 ലേക്ക് എത്തുന്നതിനു മുൻപായുള്ള വളാഞ്ചേരി -നിലമ്പൂർ റോഡിനെയും (SH 73) കോട്ടക്കൽ- പെരിന്തൽമണ്ണ റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ജംഗ്ഷനാണ് വൈലോങ്ങര ജംഗ്ഷൻ. നിരവധി വിദ്യഭ്യാസ സ്ഥാപനങ്ങൾ സമീപ പ്രദേശത്തായുള്ള വൈലോങ്ങര ടൗൺ കൂടുതൽ സമയവും തിരക്കുള്ള ഒരു പ്രദേശമാണ്. മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമായ നിലമ്പൂരിലേക്കും മറ്റ് ടൂറിസ്റ്റ് പ്രദേശങ്ങളിലേക്കും ടൂറിസ്റ്റ് സീസണുകളിൽ

അനുഭവപ്പെടുന്ന തിരക്ക് നിയന്ത്രണാതീതമാണ്. ഇത്, പ്രദേശത്തെ ജനങ്ങൾക്കും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരം എന്ന നിലയിലാണ് ഒരാടം പാലം–വൈലോങ്ങര ബൈപ്പാസ് റോഡ് നിർമ്മാണ പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമാണ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. ടി പദ്ധതി വൈലോങ്ങര ജംഗ്ഷനിൽ നിന്നും (SH 73) ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷന് സമീപം (NH 966) അവസാനിക്കുന്നു.

ഏറ്റവും കുറച്ച് ഭൂമി ഏറ്റെടുക്കത്തക്ക രീതിയിലാണ് അലൈന്മെൻറ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ പദ്ധതി മൂലം കൃഷി ഭൂമിയേയാണ് പ്രധാനമായും ബാധിക്കുന്നത്. അതുപോലെ, ആരാധനാലയങ്ങൾ, സ്കൂളുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവയെ ഒഴിവാക്കിയാണ് പദ്ധതിക്കായി ഭൂമി കണ്ടെത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി അങ്ങാടിപ്പുറം വില്ലേജിൽ നിന്ന് ഏകദേശം 1.26 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. വൈലോങ്ങര പട്ടണത്തിലും, അങ്ങാടിപ്പുറം പ്രദേശത്തും നിലവിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾക്ക് നിർദ്ദിഷ്ട പദ്ധതി ഒരു പരിഹാരമാകും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ വളാഞ്ചേരി– നിലമ്പൂർ റൂട്ടിലൂടെ അങ്ങാടിപ്പുറം പട്ടണത്തിൽ കടക്കാതെ മലപ്പുറത്തേക്ക് യാത്രക്കാർക്ക് പ്രവേശിക്കുവാൻ കഴിയും. കൂടാതെ അന്തർ സംസ്ഥാന വാഹനങ്ങൾക്കും ടൂറിസ്റ്റ് വാഹനങ്ങൾക്കും ഗതാഗത കുരുക്കിൽ നിന്നും ഒഴിവാകാനും, യാത്രാസമയവും, ഇന്ധനചെലവും കുറയ്ക്കുവാനും സാധിക്കും. കൂടാതെ റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ ഒരു നഗരമാണ് വൈലോങ്ങര. സംസ്ഥാന പാത 73 ൽ സ്ഥിതി ചെയ്യുന്ന വൈലോങ്ങര ടൗൺ അങ്ങാടിപുറത്തെ മലപ്പുറം ജില്ലയിലേയും, സംസ്ഥാനത്തിലെയും പ്രധാന നഗരങ്ങളും, പ്രദേശങ്ങളുമായും

ബന്ധിപ്പിക്കുന്നു. നിരവധി ക്ഷേത്രങ്ങളും, തീർഥാടന കേന്ദ്രങ്ങളും ഉള്ള മലപ്പുറം ജില്ലയിലെ ഒരു പ്രധാന നഗരമാണ് വൈലോങ്ങര. പെരിന്തൽമണ്ണയിൽ നിന്നും 3.5 കിലോ മീറ്റർ അകലത്തിലാണ് വൈലോങ്ങര ടൗൺ സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ടൗണിൽ ആണ് പ്രസിദ്ധമായ തിരുമണ്ഡാംകുന്ന് ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഇവിടുത്തെ വള്ളുവനാട് എന്ന പേരിൽ അറിയപ്പെടുന്ന **'പൂരം'** – ഉത്സവം പ്രസിദ്ധി യാർജിച്ചതാണ്.

നിർദ്ദിഷ്ട പദ്ധതി സംസ്ഥാന പാത 73 ലെ വൈലോങ്ങര ജംഗ്ഷനിൽ നിന്നും ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷനു മുൻപായി ദേശീയ പാത 966 ൽ എത്തിച്ചേരുന്നു. 2 വരി പാതയുള്ള ബൈപ്പാസിനു 780 മീറ്റർ നീളവും 14 മീറ്റർ വീതിയുമാണുള്ളത്. ഇതിൽ 1.50 മീറ്റർ പേവ്ഡ് ഷോൾഡർ ഉൾപ്പെടുന്ന 7 മീറ്ററുള്ള ക്യാരേജ് വെയും, ഇരുവശവും 1.8 മീറ്ററുള്ള ഡ്രൈനേജ് സൗകര്യത്തോടു കൂടിയ നടപ്പാതയും ഉൾപ്പെടുന്നതാണ് ബൈപ്പാസിന്റെ വീതി. അങ്ങാടിപ്പുറത്തു നിന്നും 1.5 കിലോ മീറ്റർ അകലെയാണ് പ്രസ്തുത ബൈപ്പാസ് വരുന്നത്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണത്തിലൂടെ അങ്ങാടിപ്പുറം പ്രദേശം ടച്ച് ചെയ്യാതെ വളാഞ്ചേരി – നിലമ്പൂർ റൂട്ടിൽ നിന്നും മലപ്പുറത്തേക്ക് എത്തിച്ചേരുവാൻ കൂടുതൽ എളുപ്പമായിരിക്കും. അതോടൊപ്പം തന്നെ അന്തർസംസ്ഥാന വാഹനങ്ങൾക്കും, നിലമ്പൂരിലേക്കുള്ള ടൂറിസ്റ്റ് വാഹനങ്ങൾക്കും, പ്രദേശവാസികൾക്കും ഗതാഗത കുരുക്ക് ഒഴിവാകുകയും, യാത്ര കൂടുതൽ സുഗമമാവുകയും ചെയ്യും.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിന്റെ വ്യാപ്തിയും സ്വഭാവവും

2023 ഡിസംബർ 16 തിയ്യതിയിലെ മലപ്പുറം ജില്ല കളക്ടറുടെ ഉത്തരവ് DCMPM/11470/ 2018-LA3 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് വേണ്ടി പെരിന്തൽമണ്ണ താലൂക്കിൽ അങ്ങാടിപ്പുറം വില്ലേജിലെ 6 സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 1.26 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഉത്തരവിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1 ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

| **വില്ലേജ്** | **താലൂക്ക്** | **സർവ്വെ നമ്പർ** | **ഭൂമിയുടെ തരം** | **എറ്റെടുക്കുന്ന സ്ഥലത്തിൻെറ വിസ്തീർണം (ഹെക്ടർ)** |
|---|---|---|---|---|
| അങ്ങാടിപ്പുറം | പെരിന്തൽമണ്ണ | 4/പാർട്ട്<br>6/പാർട്ട്<br>112/പാർട്ട്<br>113/പാർട്ട്<br>114/പാർട്ട്<br>115/പാർട്ട് | നഞ്ച | 1.26 |
| **ആകെ** | | | | **1.26** |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതി നിർമ്മാണത്തിനായി ആദ്യമേ തീരുമാനിച്ചിരുന്ന രൂപരേഖ പ്രകാരം പദ്ധതി പ്രദേശത്ത് കൂടുതൽ സ്ഥലങ്ങൾ നഷ്ടമാകാനും വീടുകൾ പദ്ധതി ബാധിതമാകാനും ഇടയാകുമെന്ന് കണ്ടെത്തി. ആയതിനാൽ ആദ്യത്തെ രൂപരേഖയിൽ മാറ്റം വരുത്തിയാണ് രണ്ടാമത്തെ നിലവിൽ നടപ്പിലാക്കാൻ പോകുന്ന രൂപരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി. പദ്ധതിക്ക് വേണ്ടി ഏറ്റവും കുറവ് സ്വകാര്യ ഭൂമിയേ ബാധിതമാകുന്നുള്ളു എന്നതും, അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ പദ്ധതി പ്രദേശത്ത് ഇല്ല എന്നതും അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാഫാറത്തിൽ പറയുന്നത് പദ്ധതി പ്രദേശ സന്ദർശനത്തിലൂടെയും, സർവ്വെയിലൂടെയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റംഗങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്തു.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

സംസ്ഥാന പാത 73 ലെ വൈലോങ്ങര ജംഗ്ഷനിൽ നിന്നും ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷനു മുൻപായി ദേശിയ പാത 966 ൽ എത്തിച്ചേരുന്ന 2 വരി പാതയുള്ള വൈലോങ്ങര ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിലൂടെ വൈലോങ്ങരയിലും അങ്ങാടിപ്പുറത്തും നിലവിൽ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾക്ക് ഒരു പരിഹാരമാകും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ വളാഞ്ചേരി – നിലമ്പൂർ റൂട്ടിലൂടെ അങ്ങാടിപ്പുറത്തേക്ക്

കടക്കാതെ മലപ്പുറത്തേക്ക് പ്രവേശിക്കുവാൻ യാത്രക്കാർക്ക് കഴിയും, കൂടാതെ അന്തർ സംസ്ഥാന വാഹനങ്ങൾക്കും ടൂറിസ്റ്റ് വാഹനങ്ങൾക്കും ഗതാഗത കുരുക്കിൽ നിന്നും ഒഴിവാകാനും, യാത്രാസമയവും, ഇന്ധനചെലവും കുറയ്ക്കുവാനും സാധിക്കും.

കൂടാതെ നിർദ്ദിഷ്ട പദ്ധതി റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുകയും, പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് വഴി തെളിക്കുകയും ചെയ്യും എന്നും പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ടി ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. അങ്ങാടിപ്പുറം വില്ലേജിലെ സ്ഥലങ്ങളുടെ ഉടമകളായ 20 ഭൂവുടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി പഠനം നടത്തിയത്.

ഏറ്റെടുക്കപ്പെടുന്ന പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് നിരീക്ഷിച്ചതിൻെറയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിട യുണ്ടെന്ന് പഠന സംഘം മനസിലാക്കിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ തുടർന്ന് വിലയിരുത്തുന്നു.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ***

| ***ക്രമ നമ്പർ*** | ***പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ*** | ***കുടുംബങ്ങളുടെ എണ്ണം*** | ***വിശദീകരണം*** |
|---|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ/അളവ് കുറയൽ | 20 ഭൂവുടമകൾ | 20 ഭൂവുടമകൾക്ക് കൈവശ ഭൂമിയുടെ അളവ് കുറയും. |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | 2 ഭൂവുടമകൾ | കിണർ 2 |

| | | | |
|---|---|---|---|
| 4 | മറ്റ് നിർമ്മിതികൾ പദ്ധതിബാധിതമാകൽ | 3 ഭൂവുടമകൾ | ചുറ്റുമതിൽ 5 |
| 5 | കൃഷി / വൃക്ഷങ്ങൾ നഷ്ടമാകൽ | 20 ഭൂവുടമകൾ | തെങ്ങ് 35, കവുങ്ങ് 40, റബർ 30, വാഴ 40, കപ്പ തുടങ്ങിയവ |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | 18 ഭൂവുടമകൾ | പദ്ധതി ബാധിതമാകുന്ന പ്രദേശത്തെ കൃഷിയിൽ നിന്നും ഉപജീവനമാർഗം നഷ്ടമാകുന്നു. |
| 7 | വരുമാനം നഷ്ടമാകൽ | 18 ഭൂവുടമകൾ | പദ്ധതി ബാധിതമാകുന്ന കൃഷിയിൽ നിന്നുംവരുമാനം |
| 8 | പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രവേശ നമാർഗം നഷ്ടമാകൽ | 4 ഭൂവുടമകൾ | വീടുകളിലേക്കും, കൃഷിയിടങ്ങളിലേക്കുമുള്ള തടസപ്പെടും |
| 9 | പദ്ധതിബാധിതമാകുന്ന സൗകര്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലത്തിൻെറ അപര്യാപ്തത | 2 ഭൂവുടമകൾ | ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് പര്യാപ്തമല്ല. |
| 10 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | 1 ഭൂവുടമ | ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം കൃഷിക്ക് മതിയാകില്ല |
| 11 | ആരോഗ്യ പ്രശ്ന ങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണ ഘട്ടത്തിൽ പൊടിശല്ല്യം, ശബ്ദ മലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 12 | പരിസരമലിനീകരണം | | നിർമ്മാണ മാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ ബൈപ്പാസ് നിർമ്മാണത്തിന് വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള

പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD& 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1.ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായസാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 3 | മറ്റ് നിർമ്മിതികൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 4 | കൃഷി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 5 | ഉപജീവനമാർഗം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 6 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 7 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| 8 | പദ്ധതി ബാധിതമാകുന്ന അവശ്യ സൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലത്തിൻെറ അപര്യാപ്തത | അവശ്യ സൗകര്യങ്ങൾ നിലനിർത്തുന്നതിന് സാധ്യമായ പരിഗണന |
| 9 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | നിജസ്ഥിതി പരിശോധിച്ച് ഏറ്റെടുക്കലിന് പരിഗണിക്കുക |

| | | |
|---|---|---|
| 10 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യ പ്രശനങ്ങൾ/അപകടസാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻ കരുതലുകൾ സ്വീകരിക്കണം |
| 11 | നിർമ്മാണ മാലിന്യങ്ങൾ യഥാ സമയം നിർമ്മാർജനം ചെയ്യാതി രിക്കുന്നത് മൂലം ഉണ്ടാകുവാനിട യുള്ള പരിസരമലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി യഥാസമയം നിർമാർജ്ജനം ചെയ്യുന്ന തിനുള്ളനടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 12 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദ വിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമ്മാണത്തിന് വേണ്ടി 16.10 കോടി രൂപയുടെ ഭരണാനുമതി കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന പാത 73 ലെ വൈലോങ്ങര ജംഗ്ഷനിൽ നിന്നും ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷനു മുൻപായി ദേശിയ പാത 966 ൽ എത്തിച്ചേരുന്ന 780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള (രണ്ട്വരി പാത) വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ എന്ന നിലയിൽ ടോപോഗ്രാഫിക് സർവ്വേ, ട്രാഫിക് സർവ്വേ, ജിയോ ടെക്നിക്കൽ സർവ്വെ, എന്നിവ 2017 ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിച്ച് രൂപരേഖ അന്തിമമാക്കിയിട്ടുള്ളതാണ്. ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും അടുത്ത ഘട്ടത്തിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

കേരള സർക്കാർ 1956 ലെ കമ്പനി ആക്ട് പ്രകാരം 23.09.1999 ൽ രൂപീകരിച്ച റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് കമ്പനിയാണ് (ആർ.ബി.ഡി.സി.കെ) നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്. ആർ.ബി.ഡി.സി.കെ, കേരള സർക്കാരിൻെറ പൂർണ്ണ ഉടമസ്ഥതയിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രി ചെയർമാനായുള്ള ബോർഡിൻെറ ഭരണ സംവിധാനത്തിൻ കീഴിൽ പ്രവർത്തിക്കുന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. റോഡ്, പാലം, റെയിൽവേ മേൽപ്പാലം തുടങ്ങിയവ നിർമ്മിക്കുക, അതിനോടനുബന്ധിച്ചുള്ള സ്ഥലമെടുപ്പ്, ടോൾ പിരിവ് തുടങ്ങിയ സ്ഥാവര ജംഗമ വസ്തുക്കൾ സ്വരൂപിക്കുക മുതലായ ആസ്തി വികസന പ്രവർത്തനങ്ങൾ കേരള സർക്കാരിന് വേണ്ടി ഏറ്റെടുത്ത് നടത്തിവരുന്നു.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി മലപ്പുറം ആയിരിക്കും.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെപദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013വകുപ്പ് 2ൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമ്മാണ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. ടി പദ്ധതി വൈലോങ്ങര ജംഗ്ഷനിൽ നിന്നും (SH 73) ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷന് സമീപം (NH 966) അവസാനിക്കുന്നു. 780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള (രണ്ട് വരി പാത) വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമ്മാണത്തിനു വേണ്ടി ഫാറം നമ്പർ 2 ൽ അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം അനുസരിച്ച് പദ്ധതിക്ക് വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. വൈലോങ്ങര ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിലൂടെ വൈലോങ്ങരയിലും അങ്ങാടിപ്പുറത്തും നിലവിൽ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾക്ക് ഒരു പരിഹാരമാകും.

വിശദമായ പദ്ധതി രേഖയിൽ പദ്ധതിയുടെ ആകെ ചെലവായി 16.10 കോടി രൂപയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

## 2.3. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിലവിലുള്ള റോഡിൻെറ വീതി കൂട്ടുക അല്ലെങ്കിൽ ബൈപ്പാസ് റോഡ് നിർമ്മിക്കുക എന്നിവയാണ് വൈലോങ്ങര, അങ്ങാടിപ്പുറം പ്രദേശങ്ങളിലെ നിലവിലെ ഗതാഗത കുരുക്ക് കുറക്കുന്നതിന് പ്രായോഗികമായ രണ്ട് മാർഗ്ഗങ്ങൾ. അങ്ങാടിപ്പുറം വളരെ അധികം നിർമ്മിതികളുള്ള പ്രദേശമായതിനാൽ നിലവിലുള്ള റോഡിൻെറ വീതി കൂട്ടുക

എന്നത് വളരെ ചിലവേറിയതും കൂടുതൽ ആളുകളെ ബാധിക്കുന്നതുമായ മാർഗ്ഗമാണ്. ആയതിനാൽ ബൈപ്പാസ് റോഡ് നിർമ്മിക്കുക എന്നതാണ് ഏറ്റവും പ്രായോഗികമായ മാർഗ്ഗം. ഇതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാഫാറത്തിൽ പറയുന്നത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റംഗങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്തു. ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നിലവിലെ രൂപരേഖ കൂടുതലും നിർമ്മിതികൾ ഇല്ലാത്ത സ്ഥലത്തു കൂടെയാണ് കടന്ന് പോകുന്നത്. എന്നാൽ ഭൂവുടമകളുടെ കൃഷിയിടങ്ങളിലൂടെ കടന്നു പോകുന്നതിനാൽ ഭൂവുടമകൾക്ക് കൃഷി ഭൂമിയിൽ അളവ് കുറയാനും സാധ്യതയുണ്ട്.

**2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

പദ്ധതി ഒറ്റ ഘട്ടത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ശേഷം പദ്ധതി നിർമ്മാണം ആരംഭിക്കും.

**2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

വിശദമായ പദ്ധതി രേഖയിൽ നൽകിയിരിക്കുന്ന പദ്ധതിയുടെ രൂപരേഖയുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടർന്ന് നൽകുന്നു.

മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേയ്സ് (MoRTH), ഇന്ത്യൻ റോഡ്സ് കോൺഗ്രസ് (IRC), ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്(BIS), എന്നിവ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ ഏറ്റവും പുതിയ റിവിഷനുകൾക്കും ഭേദഗതികൾക്കും അനുസൃതമായിട്ടാണ് പദ്ധതിയുടെ ഫീൽഡ് സ്റ്റഡി, രൂപരേഖ തയ്യാറാക്കൽ, ഡോക്യുമെൻേറഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തിയിരിക്കുന്നത്. വിശദമായ ഫീൽഡ് സ്റ്റഡിക്കും പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള ആളുകളുമായി നടത്തിയ ചർച്ചകൾക്കും ശേഷമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രദേശത്തിൻെറ ഭൂപ്രകൃതി, ഭൂമിയുടെ ഉപയോഗം, മണ്ണ്, ഡ്രെയിനേജ് സംവിധാനങ്ങൾ, മറ്റ് സാധ്യമായ വഴികൾ എന്നിവയും പദ്ധതി രൂപരേഖ തയ്യാറാക്കിയപ്പോൾ പരിശോധിച്ചിരുന്നു.

നിർദ്ദിഷ്ട റോഡിൻെറ നിർമ്മാണം 2 വരി പാതയായിട്ടാണ് ഉദ്ദേശിക്കുന്നത്. 780 മീറ്റർ വാഹന പാതയും, റോഡിൻെറ ഇരുവശങ്ങളിലുമായി 1 മീറ്റർ വീതം ഡ്രെയ്നേജും 1.5

മീറ്റർ വീതം വിരിക്കാത്ത നടപ്പാതയും ഉൾപ്പെടെ 14 മീറ്ററിൽ ഉള്ള റോഡാണ് ബൈപ്പാസിന് വേണ്ടി പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

### 2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗതം തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതിപ്രദേശത്തുള്ള വീടുകളിലേക്കും കൃഷിയിടത്തിലേക്കും നിലവിലുള്ള സൗകര്യത്തിൽ കുറവ് വരാത്ത വിധത്തിൽ മതിയായ പ്രവേശനമാർഗം നൽകണം.

### 2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായതൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയ ക്രമീകരണം കരാറുകാരൻ തയ്യാറാക്കുന്നവർക്ക് ഷെഡ്യൂൾ എന്നിവ പ്രൊജക്ട് മാനേജ്മെൻറ് വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ബാഹ്യകൺസൾട്ടൻസി ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

ഒരാടം പാലം വൈലോങ്ങര ബൈപ്പാസ് റോഡ് പദ്ധതിക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പ് ഒരു എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. നിലവിൽ, പദ്ധതിക്ക് വേണ്ടി താഴെ പറയുന്ന പഠനങ്ങൾ നടത്തിയതായി പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ വെളിപ്പെടുത്തിയിരിക്കുന്നു.

- ട്രാഫിക് സർവ്വേ
- ടോപ്പോഗ്രഫിക് സർവ്വേ
- മണ്ണ് പരിശോധന

- പരിസ്ഥിതി/സാമൂഹ്യ-സാമ്പത്തിക പാരാമീറ്ററുകൾ ഉൾക്കൊള്ളുന്ന ചോദ്യാവലി ഉപയോഗിച്ച് പൊതുജനാഭിപ്രായ ശേഖരണം

പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച് നടത്തി കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖയാണ് ഇത്.

### 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിന്റെ നിർമ്മാണ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. 780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള (രണ്ട് വരി പാത) വൈലോങ്ങര ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിനു വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ യെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
- ❖ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(MS)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം
- ❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3
# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമാണ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. ടി പദ്ധതി വൈലോങ്ങര ജംഗ്ഷനിൽ നിന്നും(SH 73) ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷന് സമീപം(NH 966) അവസാനിക്കുന്നു.

ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിലൂടെ അങ്ങാടിപ്പുറം പട്ടണത്തിൽ നിലവിൽ അനുഭ വപ്പെട്ടു കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾക്ക് ഒരു പരിഹാരമാകും എന്ന് പ്രതീക്ഷി ക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ വളാഞ്ചേരി നിലമ്പൂർ റൂട്ടിലൂടെ അങ്ങാടിപ്പുറം പ്രദേശത്തേക്ക് കടക്കാതെ മലപ്പുറത്തേക്ക് യാത്രക്കാർക്ക് പ്രവേശിക്കുവാൻ കഴിയും. കൂടാതെ അന്തർ സംസ്ഥാന വാഹനങ്ങൾക്കും ടൂറിസ്റ്റ് വാഹനങ്ങൾക്കും ഗതാഗത കുരുക്കിൽ നിന്നും ഒഴിവാകാനും, യാത്രാസമയവും, ഇന്ധനചെലവും കുറയ്ക്കുവാനും സാധിക്കും. കൂടാതെ റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. ബൈപ്പാസ് റോഡിൻെറ നിർമ്മാണത്തിന് വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ സ്ഥലം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1)അനുശാസിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടർ 2023 ഡിസംബർ 16 തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ DCMPM/11470/2018-LA3 2023 ഡിസംബർ 26 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 4186 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

## 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന്റെ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിന്റെ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ- സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 13 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട്രേഖ തയ്യാറാക്കിയത്. പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി.. കൺസൾട്ടന്റ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടന്റ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. ഷിന്റോ ജോസഫ് | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടന്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെന്റ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | മരിയ ടെൻസി വി.എസ് | എം.എ, ഡി.എസ്.എസ്. | വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം |
| 7 | അഭിജിത്ത്ലാൽ എൻ.എസ് | എം.എസ്. ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | 6 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ക്യാൻഡിസ് മരിയ പെരേര | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | 2 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 9 | ബിനിഷ ഡി | എം.എസ്. ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | 2 വർഷത്തെ പ്രവർത്തന പരിചയം |
| 10 | സി. ജിസ്മി ജേക്കബ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | 1 വർഷത്തെ പ്രവർത്തന പരിചയം |
| 11 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 36 വർഷത്തെ പ്രവർത്തന പരിചയം |
| 12 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |
| 13 | ഇന്ദിര വി. വി.. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 32 വർഷത്തെ പ്രവർത്തന പരിചയം |

### 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക, കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ ജനുവരി 11-ാം തീയതി പദ്ധതി പ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടു ക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തിയും ടെലിഫോണിൽ ബന്ധപ്പെട്ടും ടി ചോദ്യാവലി ഉപയോ ഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽ ദാർ (എൽ.എ) യൂണിറ്റ്- 3 കിഫ്ബി മലപ്പുറം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാ പനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെ ക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട്രേഖ പദ്ധതി ബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിക്കുന്ന അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടു ത്തിക്കൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കുന്നത്.

**പട്ടിക 3.2.1. പഠനത്തിന്റെ വിവിധഘട്ടങ്ങൾ**

| തീയതി | ഘട്ടങ്ങൾ |
|---|---|
| **16.12.2023** | സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റി, കളമശ്ശേരിയെ നിയോഗിച്ച് മലപ്പുറം ജില്ലാ കളക്ടറുടെ നടപടിക്രമം |
| **01.12.2023** | അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നും വിവരശേഖരണം |
| **11.01.2024** | പദ്ധതി പ്രദേശത്ത് സംയുക്ത സന്ദർശനം & ചോദ്യാവലി പരിശോധന |
| **11.01.2024** | പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തികസർവെ |
| **15.01.2024** | പ്രാഥമിക & ദ്വിതീയ വിവരങ്ങൾ വിശകലനം ചെയ്യൽ |
| **18.01.2024** | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം - കരട് റിപ്പോർട്ട് |
| **07.02.2024** | പബ്ലിക് ഹിയറിങ്ങ് |
| **21.02.2024** | അന്തിമ രേഖ സമർപ്പണം |

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയേക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതിപ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന 20 ഭൂവുടമകളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവര ശേഖരണം നടത്തുകയും ചെയ്തു.

### 3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനരേഖ തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്.

പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നുമാണ് പഠനസംഘം പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്

- പദ്ധതി പ്രദേശ സന്ദർശനവും നിരീക്ഷണവും
- പദ്ധതി ബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥ നാധികാരിയായ റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് കാര്യാലയത്തിൽ നിന്നും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) യൂണിറ്റ്- 3 കിഫ്ബി, മലപ്പുറം കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

**പട്ടിക 3.4.1.: പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ**

| തരം | വിവരങ്ങൾ | സ്രോതസ്സ് |
|---|---|---|
| **പ്രാഥമിക വിവരങ്ങൾ** | • പദ്ധതി പ്രത്യാഘാതങ്ങൾ<br>• പ്രദേശത്തിൻെറ പ്രത്യേകതകൾ<br>• ഭൂമിയുടെ നിലവിലെ ഉപയോഗം<br>• പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ | • പദ്ധതിബാധിത പ്രദേശം സന്ദർശനവും നിരീക്ഷണവും.<br>• പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സർവ്വെയിലൂടെ വിവര ശേഖരണം.<br>• പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം<br>• പബ്ലിക് ഹിയറിംഗ് |

| | | |
|---|---|---|
| **ദ്വിതീയ വിവരങ്ങൾ** | • പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ<br>• ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങൾ | • റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് കാര്യാലയം<br>• സ്പെഷ്യൽതഹസിൽദാർ(എൽ.എ), യൂണിറ്റ്–3 കിഫ്ബി മലപ്പുറം കാര്യാലയം |

**3.5.തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ**

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം താഴെ നൽകിയിരിക്കുന്നു :

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം.
- ❖ കേരള റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഉദ്യോഗസ്ഥർ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), മലപ്പുറം കാര്യാലയത്തിലെ ഉദ്യോഗസ്ഥർ എന്നിവരുമായി കൂടിക്കാഴ്ച്ച.
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം.
- ❖ പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വേ.
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും.
- ❖ പബ്ലിക് ഹിയറിംഗ്
- ❖ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും.




പദ്ധതിബാധിത പ്രദേശ സന്ദർശനം








ഏറ്റെടുക്കപ്പെടുന്ന ഭൂമികൾ

***സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് സ്ഥലം എം.എൽ.എ യുമായുള്ള കൂടിക്കാഴ്ചയിൽ***

## പബ്ലിക് ഹിയറിംങ്ങ്

മലപ്പുറം ജില്ലയിലെ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിന്റെ നിർമാണ പദ്ധതിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിന്റെ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 2023 ഫെബ്രുവരി 7 നു അങ്ങാടിപ്പുറം പഞ്ചായത്ത് ഹാളിൽ പബ്ലിക് ഹിയറിംങ്ങ് സംഘടിപ്പിച്ചു.

രാവിലെ 11.30 നു മണിയ്ക്ക് ആരംഭിച്ച ചടങ്ങിൽ റിസേർച്ച് അസോസിയേറ്റ് സിസ്റ്റർ. ജിസ്മി പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ജനപ്രതിനിധികളേയും, ഉദ്യോഗസ്ഥരേയും, ഭൂവുടമകൾ ഉൾപ്പെടെയുള്ള പദ്ധതി ബാധിതരേയും പൊതുജനങ്ങളേയും ഔദ്യോഗികമായി സ്വാഗതം ചെയ്തു. ശ്രീ.ബിജു സി. പി, ഡെവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ.യൂണിറ്റ് പബ്ലിക് ഹിയറിങ്ങിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും, പബ്ലിക് ഹിയറിങ്ങിന്റെ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു. മങ്കട നിയോജ മണ്ഡലം എം.എൽ.എ മഞ്ഞളാംകുഴി അലി പബ്ലിക് ഹിയറിങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ ഈ പദ്ധതി പ്രദേശത്തിനുണ്ടാക്കാൻ പോകുന്ന

മാറ്റത്തെകുറിച്ചും സൂചിപ്പിച്ചു. കൂടാതെ പദ്ധതി ബാധിതർക്കുള്ള പരാതികൾ ഗൗരവമായി കാണുമെന്നും പരമാവധി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമെന്നും അറിയിച്ചു. അങ്ങാടിപ്പുറം പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി സാജിദ അധ്യക്ഷത വഹിക്കുകയും പദ്ധതി നാടിനു ഉപകാരപ്രദമായിരിക്കും എന്ന് അഭിപ്രായപ്പെടുകയും, അർഹതപെട്ട നഷ്ടപരിഹാരം ഭൂവുടമകൾക്ക് ലഭ്യമാകുവാൻ ഇടയാക്കണമെന്ന് ചർച്ചയിൽ ആവശ്യപ്പെടുകയും ചെയ്തു. സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ സുനിൽ ബാബു, വാർഡ് മെംബർ ശ്രീമതി ജെസീന എന്നിവർ ആശംസകൾ നേർന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ എസ്.ഐ.എ. യൂണിറ്റ് റിസേർച്ച് അസോസിയേറ്റ് സിസ്റ്റർ.ജിസ്മി അവതരിപ്പിച്ചു. തുടർന്ന് നടന്ന തുറന്ന ചർച്ചയിൽ പദ്ധതി ബാധിതർ പദ്ധതി രൂപരേഖയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്ക് വച്ചു.

ശ്രീ. മധു കെ.പി റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ്, പാലാ ബൈപാസ് റോഡിൻെറ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും വി.പി. രഘുമണി, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) യൂണിറ്റ്– 3 കിഫ്ബി മലപ്പുറം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും, ജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി. തദവസരത്തിൽ പദ്ധതിയുടെ സാങ്കേതികവശങ്ങളെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെകുറിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംസാരിച്ചു. റിസേർച്ച് അസോസിയേറ്റ് ശ്രീമതി ക്യാൻഡിസ് മരിയ പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്കും പദ്ധതി ബാധിതർക്കും നന്ദി പറഞ്ഞു. യോഗം ഉച്ചക്ക് കൃത്യം 1.00 ന് അവസാനിച്ചു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിച്ച ചോദ്യങ്ങളെല്ലാം എസ്.ഐ.എ യൂണിറ്റ്, അർഥനാധികാരിയുടെയും ഭൂമി ഏറ്റെടുക്കൽ നിർവഹണ ഉദ്യോഗസ്ഥൻെറയും കാര്യാലയങ്ങളിലേക്ക് എഴുതി നൽകുകയും, ആർ.ബി.ഡി.സി.കെ. യിൽ നിന്ന് മറുപടി ലഭിക്കുകയും ചെയ്തു. പ്രസ്തുത ചോദ്യങ്ങളും ഉത്തരങ്ങളും പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു.

3.5.1 പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ആശങ്കകളും, ഉദ്യോഗസ്ഥരുടെ മറുപടികളും

| നമ്പർ | അഭിപ്രായം ഉന്നയിച്ച വ്യക്തി<br>സർവെ നമ്പർ | അഭിപ്രായം | ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടി |
|---|---|---|---|
| 1 | ഉമ്മർ<br>4/1-6 | പദ്ധതി ബാധിതർക്ക് ആവശ്യമായ സമയത്ത് ഭൂമിയുടെ തരം മാറ്റുവാനും ഭൂമിയുടെ ഫില്ലിംഗിനുള്ള പെർമിഷൻ നൽകണം. കൃഷി ഭൂമിയുടെ ഒരു ഭാഗത്ത് സ്റ്റേറ്റ് ഹൈവെ ഉണ്ട് മറുഭാഗത്തു കൂടെ പുതിയ റോഡും വരുന്നു. അപ്പോൾ ഇനി കൃഷി ചെയ്യുക പ്രയാസമേറിയ കാര്യമാണ്. ആയതിനാൽ പദ്ധതി ബാധിതരായ ഭൂവുടമകൾക്ക് പരമാവധി വിലയും ഉറപ്പാക്കണം. | ഭൂമിയുടെ തരം മാറ്റുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കക്ഷികൾ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. അതുപോലെ തന്നെ നിലം മണ്ണിട്ട് നികത്തുവാനും മറ്റും കേരള നെൽവയൽ തണ്ണീർ ത്തട സംരക്ഷണ നിയമം 2008 പ്രകാരം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ചെയർമാനായി രൂപീകരിച്ചിട്ടുള്ളതും ബന്ധപ്പെട്ട കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പ്രദേശത്തെ കൃഷിക്കാരുടെ 3 പ്രതിനിധികൾ എന്നിവർ അംഗങ്ങൾ ആയിട്ടു ള്ളതുമായ പ്രാദേശിക നിരീക്ഷണ സമിതി മുമ്പാകെ നിയമാനുസരണം ബന്ധപ്പെട്ട കക്ഷിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഏറ്റെടു ക്കപ്പെടുന്ന ഭൂമിക്ക് 2013 ലെഭൂമി ഏറ്റെടുക്കലിൽ ന്യായമായ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാ പനത്തിനുമുള്ള അവകാശ നിയമ ത്തിനും 2015 ലെ ചട്ടങ്ങൾക്കും അനുസൃതമായി പരമാവധി തുക നഷ്ടപരിഹാരമായി നൽകാവുന്നതാണ്. (RBDCK) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |
| 2 | ഹസൈനാർ | കുറ്റി ഇട്ടതിനെക്കുറിച്ച് യാതൊരു വിധ അറിവും ലഭിച്ചിരുന്നില്ല. എന്നാൽ വികസനത്തിനു എതിരുമല്ല. കൃഷി ഭൂമിയുടെ നടുവിലൂടെ റോഡ് വരുന്നതിനാൽ ഇരുഭാഗങ്ങളിലും അവശേഷിക്കുന്നത് 7 മീറ്റർ ഭൂമി മാത്രമാണ്. അത് പിന്നീട് കൃഷിക്ക് ഉപയോഗപ്പെടുന്നില്ല. നിലവിലുള്ള പഞ്ചായത്ത് റോഡിനു വേണ്ടി നേരത്തെ സ്ഥലം നൽകിയിട്ടുള്ളതാണ്. ആയതിനാൽ നിലവിലുള്ള ആ റോഡിനോട് ചേർത്ത് പുതിയ റോഡിൻെറ നിർമ്മാണം നടത്തിയാൽ ഭൂമിയുടെ ഒരു ഭാഗം കൃഷിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. | സാങ്കേതികമായി പദ്ധതിക്ക് ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ഭൂമിയിലൂടെയാണ് അലൈന്മെൻറ് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലുള്ള പഞ്ചായത്ത് റോഡിനോട് ചേർന്ന് പുതിയ റോഡ് നിർമ്മിക്കുക എന്നത് പ്രായോഗികമല്ല. (RBDCK) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |
| 3 | ഉസ്മാൻ<br><br>4/1 | സ്വന്ത ഭൂമിയുടെ ഒരു മൂലയിലുള്ള ഭാഗമാണ് ഇപ്പോൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ളത്. നിലവിലെ രൂപരേഖയിൽ നിന്നും 2 മീറ്റർ കൂടി ഏറ്റെടുക്കുകയാണെങ്കിൽ എതിർവശത്തുള്ള വ്യക്തികൾക്ക് അധിക ഭൂമിയുടെ കുറവ് വരാതെ സംരക്ഷിക്കാനാകും. സ്വന്തഭൂമിയിലേക്കുള്ള പ്രവേശം തടസമാകാതെ ഉചിതമായ നടപടികൾ കൈക്കൊള്ളുകയും വേണം | പദ്ധതിക്ക് ആവശ്യമായ അത്രയും ഭൂമി ഉൾപ്പെടുത്തി അംഗീകരിച്ച അലൈന്മൻറിൽ മാറ്റം വരുത്തി കൂടുതൽ ഭൂമി ഏറ്റെടുക്കുക എന്നത് അപ്രായോഗികമാണ്. എന്നാൽ നിർമ്മാണ സമയത്ത് കക്ഷികളുടെ കൈവശ ഭൂമിയിലേക്കുള്ള പ്രവേശനം തടസപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. (RBDCK)<br><br>പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |
| 4 | സുന്ദരൻ<br><br>65/5 | കൃഷി ഭൂമിയുടെ നടുവിലൂടെയാണ് പുതിയ റോഡിൻെറ നിർമ്മാണം നപ്പിലാക്കുന്നത്. ഏറ്റെടുക്കലിനുശേഷം മിച്ച ഭൂമി ഒന്നിനും ഉപകരിക്കുന്നില്ല. ആയതിനാൽ മുഴുവനായും ഏറ്റെടുക്കുക. | നിലവിൽ അലൈന്മെൻറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി മാത്രമാണ് ഏറ്റെടുക്കുവാൻ കിഫ്ബി അനുവാദം നൽകിയിട്ടുള്ളത്. ഭൂമി ഏറ്റെടുത്തു കഴിഞ്ഞാൽ ഉപയോഗശൂന്യമായേക്കാവുന്ന ബാക്കി ഭൂമി കൂടി ഏറ്റെടുക്കുന്ന കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | വകുപ്പ് 94 (3) പ്രകാരം തീരുമാനമെടുക്കേണ്ടത് സർക്കാരാണ്. (RBDCK)<br><br>പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |
| 5 | സൈനബ മുതൽപേർ | റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തു കഴിയുമ്പോൾ മിച്ച ഭൂമി കുറച്ച് മാത്രമാണ് അവശേഷിക്കുന്നത്. അത് മറ്റൊന്നിനും ഉപകരിക്കുന്നുമില്ല. ആയതിനാൽ മുഴുവൻ ഭൂമിയും ഏറ്റെടുക്കുക, അതോടൊപ്പം വഴിയും ലഭ്യമാക്കണം | നിലവിൽ അലൈന്മെൻറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി മാത്രമാണ് ഏറ്റെടുക്കുവാൻ കിഫ്ബി അനുവാദം നൽകിയിട്ടുള്ളത്. ഭൂമി ഏറ്റെടുത്തു കഴിഞ്ഞാൽ ഉപയോഗശൂന്യമായേക്കാവുന്ന ബാക്കി ഭൂമി കൂടി ഏറ്റെടുക്കുന്ന കാര്യത്തിൽ വകുപ്പ് 94 (3) പ്രകാരം തീരുമാനമെടുക്കേണ്ടത് സർക്കാരാണ്. കക്ഷികളുടെ കൈവശ ഭൂമിയിലേക്കുള്ള പ്രവേശം തടസമാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. (RBDCK)<br><br>പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |
| 6 | കൃഷ്ണൻ കുട്ടി | സ്വന്ത ഭൂമിയുടെ ഒരു ഭാഗത്ത് നിലവിൽ ഒരു തോടുണ്ട്. അതു കൂടാതെ മറുഭാഗത്ത് 14 മീറ്റർ വീതിയുള്ള പുതിയ റോഡും വരുന്നു. ഇതിനിടയിൽ വരുന്ന മിച്ച ഭൂമി കൃഷിക്കോ കെട്ടിട നിർമ്മാണത്തിനോ ഉപകരിക്കുക ഇല്ല. ആയതിനാൽ ഉചിതമായ നടപടികൾ കൈക്കൊള്ളണം. പദ്ധതി നിർമ്മാണത്തിലൂടെ ഉണ്ടാകുന്ന മാലിന്യങ്ങൾ യഥാസമയം യഥാവിധി നിർമ്മാർജ്ജനം ചെയ്യണം. | നിലവിൽ അലൈന്മെൻറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി മാത്രമാണ് ഏറ്റെടുക്കുവാൻ കിഫ്ബി അനുവാദം നൽകിയിട്ടുള്ളത്. ഭൂമി ഏറ്റെടുത്തു കഴിഞ്ഞാൽ ഉപയോഗശൂന്യമായേക്കാവുന്ന ബാക്കി ഭൂമി കൂടി ഏറ്റെടുക്കുന്ന കാര്യത്തിൽ വകുപ്പ് 94 (3) പ്രകാരം തീരുമാനമെടുക്കേണ്ടത് സർക്കാരാണ്. നിർമ്മാണ സമയത്ത് ഉണ്ടാകുന്ന മാലിന്യങ്ങൾ കാലതാമസം കൂടാതെ നിർമാർജ്ജനം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്. (RBDCK)<br><br>പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |
| 7 | ഷൗക്കത്തലി<br><br>6/3, 6/4, 12/5 | ഭൂമി തരം മാറ്റുവാൻ അനുമതി തരണം, ബിൽഡിംഗ് നിർമിക്കുവാൻ അനുമതി വേണം | ഭൂമിയുടെ തരം മാറ്റുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കക്ഷികൾ നിശ്ചിത ഫോറത്തിൽ അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കേണ്ടതുണ്ട്. കൈവശ വസ്തുവിൽ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനുള്ള അനുവാദം നൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനമാണ്. ആയതിന് ടിയാന് ബന്ധപ്പെട്ട കാര്യാലയങ്ങളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. (RBDCK)<br><br>പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |
| **8** | മുഹമ്മദ്<br><br>4/1 | പദ്ധതി നിർമ്മാണത്തിലൂടെ വൻ തോതിലുള്ള കൃഷിയിൽ നഷ്ടം സംഭവിക്കുന്നു, ഭൂമിയും നഷ്ടമാകുന്നു. | ഏറ്റെടു ക്കപ്പെടുന്ന ഭൂമിക്ക് 2013 ലെഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാ പനത്തിനുമുള്ള അവകാശ നിയമ ത്തിനും 2015 ലെ ചട്ടങ്ങൾക്കും അനുസൃതമായി പരമാവധി തുക നഷ്ടപരിഹാരമായി നൽകാ വുന്നതാണ്.<br><br>(RBDCK) |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |
| 9 | മുഹമ്മദലി<br><br>ജനപ്രതിനിധി | നിലവിൽ പാടത്തേക്ക് നിരവധി പഞ്ചായത്ത് വഴികളുണ്ട്. പുതിയ റോഡ് നിലവിൽ വരുമ്പോൾ ഈ വഴികളിലൂടെ പാടത്തിലേക്കുള്ള പ്രവേശനം തടസപ്പെടാതെ ശ്രദ്ധിക്കണം. പുതിയ റോഡും പഞ്ചായത്ത് വഴികളും തമ്മിൽ ഒരു കണക്ടിവിറ്റി ഉണ്ടായിരിക്കണം. | കക്ഷികളുടെ കൈവശ ഭൂമിയിലേക്കുള്ള പ്രവേശം തടസപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. (RBDCK) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ ബാധിക്കപ്പെട്ട വ്യക്തികൾക്ക് 2013 RFCTLARR Act പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നീതിയുക്തവും ന്യായവുമായ നഷ്ടപരിഹാരം നൽകുന്നതാണ്. (LAO മറുപടി) |

## പബ്ലിക് ഹിയറിങ്ങിൻെറ ചിത്രങ്ങൾ



























# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമാണ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി.ടി പദ്ധതി വൈലോങ്ങര ജംഗ്ഷനിൽ നിന്നും(SH 73) ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷന് സമീപം(NH 966) അവസാനിക്കുന്നു. ബൈപ്പാസ് റോഡിൻെറ നിർമ്മാണത്തിന് വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നു. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ 12–ാം വാർഡിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. പദ്ധതി പ്രദേശം പ്രധാനമായും കുടുംബങ്ങൾ കൃഷിക്കു വേണ്ടി ഉപയോഗിക്കുന്ന സ്ഥലങ്ങളാണ്.

## 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡ് പദ്ധതിക്ക് വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും കൃഷിഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

## 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്പ്മെൻറ് കോർപറേഷൻ ഓഫ് കേരള തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയിൽ 780 മീറ്റർ നീളത്തിൽ വാഹന പാതയും, റോഡിൻെറ ഇരുവശങ്ങളിലുമായി 1 മീറ്റർ വീതം ഡ്രെയ്നേജും 1.5 മീറ്റർ വീതം വിരിക്കാത്ത നടപ്പാതയും ഉൾപ്പെടെ 14 മീറ്ററിൽ ഉള്ള 2 വരി പാതയായിട്ടാണ് നിർദ്ദിഷ്ട ബൈപ്പാസ് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്

എന്ന് വെളിപ്പെടുത്തിയിരിക്കുന്നു. റോഡ് നിർമ്മാണത്തിനു വേണ്ടി ഏകദേശം 1.26 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നതെന്ന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാ പത്രത്തിൽ പറയുന്നു. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പഠനസംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

പ്രദേശവാസികൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ ഒന്നും ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് ഇല്ല.

### 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം

ബാധകമല്ല

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗൂണവും പ്രദേശവും

2023 ഏപ്രിൽ 30 തിയ്യതിയിലെ റവന്യൂ (ബി) വകുപ്പിന്റെ ഉത്തരവ് Go (Ms) No. 94/2023/RD പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിന്റെ നിർമാണ പദ്ധതിക്കു വേണ്ടി അങ്ങാടിപ്പുറം വില്ലേജിലെ 6 സർവ്വേ നമ്പറുകളിൽ നിന്നും നിന്നും ഏകദേശം 1.26 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതി വൈലോങ്ങര ജംഗ്ഷ നിൽ നിന്നും (SH 73) ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷന് സമീപം (NH 966) അവസാനിക്കുന്നു.

പദ്ധതി പ്രദേശം പ്രധാനമായും കുടുംബങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗിക്കുന്ന സ്ഥലങ്ങളാണ്.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വേ നമ്പറുകളുടെ 20 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. സർവ്വെയിൽ പങ്കെടുത്ത 20 ഭൂവുടമകൾ തങ്ങളുടെ സ്ഥലം നിലം വിഭാഗത്തിലും ഉൾപ്പെടുന്നതായി അറിയിച്ചു. പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 19 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗിക്കുന്നു.

**4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 20 ഭൂവുടമകളിൽ 18 ഭൂവുടമകളുടേയും വ്യക്തിഗത ഉടമസ്ഥതയിലുള്ളതും 2 സ്ഥലം കൂട്ടുടമസ്ഥതയിൽ ഉള്ളതും ആണ്.

**4.9.കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂവുടമകളിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

19 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്കു വേണ്ടി ഉപയോഗിക്കുന്നതാണ്. ഒരു വ്യക്തിയുടെ സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിക്കുകയാണ്

# അദ്ധ്യായം – 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ (780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള (രണ്ട് വരി പാത) നിർമ്മാണ പദ്ധതിക്കു വേണ്ടി അങ്ങാടിപ്പുറം വില്ലേജിലെ 6 സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 1.26 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. ബൈപ്പാസ് റോഡിൻെറ നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുണ്ടെന്ന് മനസിലാക്കുന്നു.

#### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമ്മാണത്തിന് വേണ്ടി അങ്ങാടിപ്പുറം വില്ലേജിലെ 6 സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 1.26 ഹെക്ടർ സ്ഥലമാണ് നിലവിൽ ഏറ്റെടുക്കുന്നത്. പ്രസ്തുത സ്ഥലങ്ങളുടെ ഉടമകളായ 13 കുടുംബങ്ങളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

*പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ*

| ക്രമ നമ്പർ | പേര്, വിലാസം † ഫോൺ നമ്പർ | സർവ്വേ നമ്പർ | പ്രത്യാഘാത ബാധിത മാകുന്ന വസ്തുവകകൾ (ഏകദേശ കണക്ക്) |
|---|---|---|---|
| 1 | കുഞ്ഞുമുഹമ്മദ്, അബ്ദുൾ അസീസ് പുല്ലൂർശ്ശങ്ങാട്ടിൽഅങ്ങാടിപ്പുറം, ചെരക്കാപറമ്പ് പിൻ–679321, 7356305994 | 115/7 | തെങ്ങ് 20 കവുങ്ങ് 20 റബർ 30 വാഴ 15 |
| 2 | ഉസ്മാൻ, പുല്ലൂർശ്ശങ്ങാട്ടിൽഅങ്ങാടിപ്പുറം, ചെരക്കാപറമ്പ് , പിൻ–679321 9567060807 | 4/1 | തെങ്ങ് 3 കവുങ്ങ് 10 വാഴ 10 |
| 3 | അസൈനാർ.പി പുല്ലൂർശ്ശങ്ങാട്ടിൽ അങ്ങാടിപ്പുറം.പി.ഓ പിൻ–679321, 9037941525 | | മതിൽ, കിണർ, സ്ഥലത്തിൽ ഒരു ചെറിയ ഭാഗം മാത്രം അവശേഷിക്കും |
| 4 | ഷാഹുൽ ഹമീദ് തോണിക്കര, അങ്ങാടിപ്പുറം പി.ഓ, പിൻ–679321 8086039390 | 28/1-4 | പച്ചക്കറി കൃഷി ചെയ്തിരുന്നു, പദ്ധതി നിർമാണം കാരണം നിർത്തിവെച്ചിരിക്കുന്നു |
| 5 | ആയിഷുമ്മ പുല്ലൂർശ്ശങ്ങാട്ടിൽ അങ്ങാടിപ്പുറം പി.ഓ പിൻ–679321, 7356305994 | 6/4 | കിണർ,മതിൽ |
| 6 | മുഹമ്മദ്, മക്കൾ കൊണ്ടേരിത്തൊടി അങ്ങാടിപ്പുറം പി.ഓ പിൻ–679321, 9495120426 | 4/1 | കപ്പ കൃഷി വലിയതോതിൽ |
| 7 | കദീജ ബീവി കൊണ്ടേരിത്തൊടി അങ്ങാടിപ്പുറം പി.ഓ പിൻ–679321, 9495120426 | | |
| 8 | കൃഷ്ണൻ കുട്ടി, കോട്ടപറമ്പിൽ (ഹൗ), അങ്ങാടിപ്പുറം. പി.ഓ പിൻ–679321, 9037643284 | | തെങ്ങ്–4 കപ്പ കൃഷി 35 |
| 9 | മുഹമ്മദലി കുണ്ടയത്ത്(ഹൗ) അങ്ങാടിപ്പുറം.പി.ഓ, പിൻ–679321 | | സ്ഥലം |

| | | | |
|---|---|---|---|
| 10 | ഷൗക്കത്തലി<br>തോണിക്കര,<br>അങ്ങാടിപ്പുറം.പി.ഓ<br>പിൻ–679321, 9961668859 | 112/5–3,<br>112/5–5,<br>112/5–4,<br>6/4–56<br>6/4–13 | തെങ്ങ് 8 കവുങ്ങ് 10 വാഴ 15 ചുറ്റുമതിൽ 3, സ്ഥലം പച്ചക്കറികൾ |
| 11 | അബ്ദുള്ള അബ്ദുൽഖാദർ<br>കല്ലംകുന്ന് ഹൗസ്<br>അങ്ങാടിപ്പുറം.<br>9847466656 | 4/1 | സ്ഥലം കപ്പ കൃഷി |
| 12 | ജി.കെ. നായർ<br>കണിയാംപടിക്കൽ<br>അങ്ങാടിപ്പുറം.പി.ഓ<br>8277890726 | | സ്ഥലം |
| 13 | കുഞ്ഞുമുഹമ്മദ്<br>പൊന്നങ്ങത്തൊടി(ഹൗ)<br>9747889393 | | കൃഷി സ്ഥലം (കൃഷി ചെയ്തിരുന്നു, പദ്ധതി നിർമാണം കാരണം നിർത്തിവെച്ചിരിക്കുന്നു) , ആൽ മരം |
| 14 | കെ. സുന്ദരൻ<br>കാല്ലുപാലത്തിങ്കൽ ഹൗസ്<br>ചെരക്കാപറമ്പ്<br>അങ്ങാടിപ്പുറം.പി.ഓ<br>9946701840 | | കവുങ്ങ് തെങ്ങ് വാഴ |
| 15 | ഉമ്മർ<br>തവളാങ്ങൽ ഹൗസ്<br>തിരൂർക്കാട്<br>9447629870 | 4/1–6 | സ്ഥലത്തിൻെറ മുൻഭാഗം |
| 16 | ഗോപിനാഥൻ<br>അരിപ്രവീട്ടിൽ ഹൗസ്<br>തിരൂർക്കാട് പി.ഒ<br>9744025515 | | |
| 17 | എ. പത്മനാഭൻ<br>പത്മശ്രീ – അല്ലക്കാട്ട്<br>ചെരക്കാപറമ്പ്<br>പിൻ: 679321<br>9447216330 | 6/4–9 | നെൽ കൃഷി ചെയ്യുന്ന സ്ഥലം |
| 18 | റജുലേഷ്<br>ചമ്മല ഹൗസ് പുലാമൻതോട്<br>അങ്ങാടിപ്പുറം.പി.ഓ<br>9072191000 | | സ്ഥലം |

| | | | |
|---|---|---|---|
| 19 | സൈനുദീൻ<br>കൊണ്ടേരിത്തുടി<br>ഹൗസ്അങ്ങാടിപ്പുറം.പി.ഓ<br>7510108181 | 4/1-4-5 | സ്ഥലം |
| 20 | സൈനബ,<br>കലത്തുമ്പീടിയിൽ<br>9847179751 | | സ്ഥലം |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനവകാശ നിയമത്തിന് കീഴിൽ വരുന്ന പട്ടികവർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശ ത്തില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

പദ്ധതി ബാധിതമാകുന്ന ഭൂവുടമകളിൽ 20 ഭൂവുടമകൾ പദ്ധതി പ്രദേശത്ത് താമസിക്കു ന്നവരാണ്. പദ്ധതി ബാധിതമാകുന്ന പ്രദേശം പൂർണ്ണമായും കൃഷിക്കു വേണ്ടി ഉപയോഗ പ്പെടുത്തുന്നവയാണ്.

**5.7. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

പദ്ധതി ബാധിതമാകുന്ന ഭൂവുടമകളിൽ 20 ഭൂവുടമകൾ പദ്ധതി പ്രദേശത്തെ, പ്രത്യേ കിച്ച് കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്.


**5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

ബാധകമല്ല.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതി ബാധിതരാകുന്ന 20 ഭൂവുടമകളുടെ സ്ഥലങ്ങളിൽ കൃഷിയും ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള ധാരാളം വൃക്ഷങ്ങളും ഉണ്ട്.

തെങ്ങ് 35(4) , കവുങ്ങ് 40(3) , വാഴ 40(3) , റബർ30(1), കപ്പ(വലിയ തോതിൽ കൃഷി ചെയ്യുന്ന 3 ഭൂവുടമകൾ) നെൽപ്പാടം (1)



# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതി ബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ 20 ഉടമകൾ പദ്ധതി പ്രദേശത്തും സമീപത്തുമായി താമസിക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പങ്കെടുത്ത പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

വിവരം നൽകിയ പദ്ധതിബാധിത കുടുംബങ്ങളിൽ, ഭൂരിഭാഗം കുടുംബങ്ങളിലും 3-4 അംഗങ്ങൾ ആണ് ഉള്ളത്. ആകെയുള്ള അംഗങ്ങളിൽ 51.6 ശതമാനം പേർ പുരുഷന്മാരും 48.4 ശതമാനം പേർ സ്ത്രീകളുമാണ്. കൂടാതെ, 26 ശതമാനം പേർ 60 വയസ്സിന് മുകളിൽ ഉള്ളവരും, 48 ശതമാനം പേർ 18-59 പ്രായത്തിൽ ഉൾപ്പെടുന്നവരും 26 ശതമാനം പേർ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുമാണ്.

#### 6.1.1 പദ്ധതിബാധിത കുടുംബങ്ങളുടെ മതവും സാമൂഹ്യ വിഭാഗവും

സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ വിവരം നൽകിയ 20 പദ്ധതി ബാധിത കുടുംബങ്ങളിൽ ഭൂരിഭാഗം 15 കുടുംബങ്ങൾ ഇസ്ലാം മതത്തിലും, ശേഷിക്കുന്ന 5 കുടുംബങ്ങൾ ഹിന്ദുമതത്തിലും വിശ്വസിക്കുന്നവരാണ്.

### 6.2 വരുമാനവും ദാരിദ്ര്യതലവും

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂവുടമകളുടെ കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം, വരുമാനം തുടങ്ങിയ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

### 6.2.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളിലെ ഭൂരിഭാഗം കുടുംബങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്.

### 6.2.2: പദ്ധതിബാധിതകുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ

പദ്ധതി ബാധിതരാകുന്ന 48.7% കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡും, 48.7% കുടുംബങ്ങൾക്ക് നീല നിറത്തിലുള്ള റേഷൻ കാർഡും, 2.6 ശതമാനം കുടുംബങ്ങൾക്ക് പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുമാണ് കൈവശമുള്ളത്.

### 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബാംഗങ്ങളിലെ 26.9 ശതമാനം കുട്ടികളും (18 വയസിൽ താഴ) 9.3 ശതമാനം വയോജനങ്ങളുമാണ് (60 വയസും അതിൽ കൂടുതലും).

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ കൃഷിക്ക് വേണ്ടിയാണ് ഭൂരിഭാഗം കുടുംബങ്ങളും ടി സ്ഥലം ഉപയോഗിക്കുന്നത്. പദ്ധതി നിർമാണം വരുന്നതിനാൽ മുൻപ് കൃഷി ചെയ്തിരുന്ന പാടത്ത് 2 ഭൂവുടമകൾ ഇപ്പോൾ കൃഷി ഒന്നും ചെയ്യുന്നില്ല.

സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ 20 ഭൂവുടമകൾ ടി ഭൂമി ഏറ്റെടുക്കൽ തങ്ങളുടെ ഉപജീവനമാർഗത്തെ പ്രതികൂലമായി ബാധിക്കും എന്ന് അഭിപ്രായപ്പെട്ടു. ഇവരുടെ ഉപജീവനമാർഗം കൃഷി ആയതിനാൽ പദ്ധതിബാധിത ഭൂമിയിലെ കൃഷി നഷ്ടമാകുന്നത് നിമിത്തം വരുമാനത്തിൽ കുറവ് വരും.

### 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഒന്നും നിലവിലില്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്.

### 6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും വിസ്തൃത കുടുംബങ്ങളാണ്. പദ്ധതിബാധിത പ്രദേശത്ത് സാംസ്കാരിക സംഘടനകൾ ഒന്നുമില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

### 6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

മലപ്പുറം ജില്ലയിലെ വടകര പെരിന്തൽമണ്ണ താലൂക്കിലാണ് അങ്ങാടിപ്പുറം പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കൃഷിയുടെയും കച്ചവടത്തിൻെറയും സിരാകേന്ദ്രമായി ഈ സ്ഥലം അറിയപ്പെടുന്നു. പ്രദേശത്തിൻെറ വികസനം കുതിച്ചുയരാൻ വേഗതയേറിയതും സുരക്ഷിതവുമായ ഒരു റോഡ് ശൃംഖല അനിവാര്യമാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി വികസനത്തിന് കാരണമാകും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശങ്ങളെല്ലാം അങ്ങാടിപ്പുറം പഞ്ചായത്തിൻെറയും വൈലോങ്ങര ടൗണിൻെറയും സമീപ പ്രദേശങ്ങളാണ്. ആയതിനാൽ പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

ആദ്യഘട്ടത്തിൽ 2023 ജനുവരി 11 തീയതിയിൽ പഠന സംഘം പദ്ധതി പ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പദ്ധതി ബാധിത കുടുംബങ്ങൾ സന്ദർശിച്ച് മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവ്വേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. പദ്ധതി പ്രദേശത്ത് താമസമില്ലാത്തതും നേരിൽ കാണുവാൻ കഴിയാതിരുന്നതുമായ ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തിരവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിൻെറ അടുത്ത ഘട്ടമായി ഫെബ്രുവരി 7 തീയതിയിൽ അങ്ങാടിപ്പുറം പഞ്ചായത്ത് ഹാളിൽ പകൽ 11.30 മണിക്ക് പബ്ലിക് ഹിയറിങ്ങ് നടത്തി. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവേയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട്രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതി ബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകി.

## 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ (780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള രണ്ട് വരി പാത) നിർമാണ പദ്ധതിക്കു വേണ്ടി പെരിന്തൽമണ്ണ താലൂക്കിൽ അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള ഉപജീവനമാർഗം, വരുമാനം നഷ്ടമാകൽ തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തി ൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനഃരധിവാസ– പുനഃസ്ഥാപനം എന്നിവ പദ്ധതി ബാധിതർക്ക് നൽകുക.
- കൃഷിയിടങ്ങൾ നഷ്ടമാകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം
- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് സാധ്യമല്ല എന്ന ചില കുടുംബങ്ങളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ ടി സ്ഥലം കൂടി ഏറ്റെടുക്കലിൽ പരിഗണിക്കുകയോ സാധ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.

- ഭാഗികമായി പദ്ധതി ബാധിതമാകുന്ന കുടുംബങ്ങൾക്ക് പദ്ധതി നിർമ്മാണ ഘട്ടത്തിൽ താമസത്തിന് ബുദ്ധിമുട്ട് നേരിട്ടാൽ കുടുംബങ്ങളുടെ താമസത്തിന് ബദൽ സംവിധാനം ഒരുക്കേണ്ടതാണ്

- പദ്ധതി നിർമ്മാണഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

- പദ്ധതി ബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ടി സൗകര്യങ്ങൾ നിലനിറുത്തുന്നതിന് പദ്ധതി രൂപരേഖയിൽ സാധ്യമായ മാറ്റം പരിഗണിക്കുക.

- പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/RDപ്രകാരവും കേരള

സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ–പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ (780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള രണ്ട്വരി പാത) നിർമ്മാണത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

നിർദ്ദിഷ്ട പദ്ധതിയുടെ നിർവ്വഹണത്തിനായി 16.10 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിപ്രദേശം സന്ദർശിച്ച അവസരത്തിൽ ഏതാനും കുടുംബങ്ങൾ തങ്ങളുടെ സ്ഥലം വിഭജിച്ച് പോകുന്നതിനാൽ അവശേഷിക്കുന്ന സ്ഥലം യാതൊന്നിനും ഉപയോഗയോഗ്യമല്ല എന്നതിനാൽ പദ്ധതിയുടെ രൂപരേഖയിൽ ചെറുതായ മാറ്റം പരിഗണിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിരിക്കുന്നത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടു

ക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്യതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം - വൈലോങ്ങര ബൈപ്പാസ് റോഡിന്റെ (780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള രണ്ട്വരി പാത) നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാ ഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARRനിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരംനൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 3 | ഉപജീവനമാർഗം /വരുമാനം നഷ്ടമാകൽ | RFCTLARRനിയമം 2013രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ | | ഉപജീവനം/വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്കും, പദ്ധതി പ്രദേശത്ത് 3 വർഷത്തിലധികമായി തൊഴിൽ ചെയ്യുന്ന, |

| | | | | |
|---|---|---|---|---|
| | | പ്രകാരവുമുള്ള പുനരധിവാസ–പുന:സ്ഥാപന പാക്കേജ് നൽകുക | | വിശ്വസനീയമായ രേഖകളുള്ള വാടകക്കാർക്കും തൊഴിലാളികൾക്കും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ–പുനസ്ഥാപന പാക്കേജിന്പരിഗണന. |
| 4 | അവശ്യസൗകര്യങ്ങൾ പദ്ധതി ബാധിതമാകൽ | RFCTLARRനിയമം 2013 ഒന്ന്,രണ്ട് പട്ടികകൾ പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരവും പുനസ്ഥാപനവും നൽകുക | | കുടുംബങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ അവശ്യസൗകര്യങ്ങളുടെ പുനസ്ഥാപനം |
| 5 | തുടർന്നുള്ള ഉപയോഗത്തിന് ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന ഭൂമിയുടെ അപര്യാപ്തത | ഭൂമിയുടെ നിജസ്ഥിതി പരിശോധിച്ച് നിയമത്തിൻെറ പരിധിക്കുള്ളിൽ സാധ്യമായ നടപടികൾ സ്വീകരിക്കുക | | ഭൂവുടമയ്ക്ക് ഉണ്ടായേക്കാനിടയുള്ള പ്രത്യാഘാതങ്ങൾക്ക് മതിയായ പരിഗണന |
| 6 | നിർമ്മാണ മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായി നിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശനിയമം 2013 ലെ വകുപ്പ് 43–ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ (780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള രണ്ട് വരി പാത) നിർമ്മാണത്തിനു വേണ്ടി പെരിന്തൽമണ്ണ താലൂക്കിൽ അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ), മലപ്പുറം ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) യൂണിറ്റ്– 3 കിഫ്ബി, മലപ്പുറം ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതലകമ്മിറ്റിയിൽ താഴെപറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാകളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ– പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട് ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമി വിലയും, പുനരധിവാസ– പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ട പരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ കുടുംബത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള

മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ  ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട  നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ  നിക്ഷേപിക്കും.

**8.2. ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ  സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻപ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ (780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള രണ്ട്വരി പാത) നിർമ്മാണത്തിനു വേണ്ടി പെരിന്തൽമണ്ണ താലൂക്കിൽ അങ്ങാടിപ്പുറം  വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2023 ഡിസംബർ 16 തീയതിയിലെ DCMPM/11470/2018-LA3 വിജ്ഞാപനത്തിലൂടെ മലപ്പുറം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

### 8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതംകൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിന്റെ (780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള രണ്ട്വരി പാത) നിർമ്മാണത്തിനു വേണ്ടി പെരിന്തൽമണ്ണ താലൂക്കിൽ അങ്ങാടിപ്പുറം വില്ലേജിൽ നിന്നും ഏകദേശം 1.26 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് വേണ്ടി 20 ഭൂവുടമകളുടെ കൃഷിഭൂമിയാണ് ഏറ്റെടുക്കുന്നത്. അതിൽ തന്നെ ചില വ്യക്തികളുടെ നിർമ്മിതികളായ ചുറ്റുമതിൽ, കിണർ എന്നിവയും നഷ്ടമാകുന്നുണ്ട്. ഇക്കാരണങ്ങളാൽ കുടുംബങ്ങളുടെ ഉപജീവനമാർഗം നഷ്ടമാകുകയോ വരുമാനത്തിൽ കുറവ് വരികയോ ചെയ്തേക്കാം. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ–പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ (780 മീറ്റർ നീളവും 14 മീറ്റർ വീതിയുമുള്ള രണ്ട്വരി പാത) നിർമ്മാണ പദ്ധതിക്ക് വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ), മലപ്പുറം പദ്ധതിയുടെ പുനരധിവാസ-പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണ ത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപ നത്തിനുമുള്ള അവകാശ നിയമം നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി മലപ്പുറം ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) യൂണിറ്റ്- 3 , കിഫ്ബി മലപ്പുറം തയ്യാറാക്കുന്ന

പുനരധിവാസ- പുനസ്ഥാപന സ്കീമിൻെറ അന്തിമ രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

### 10.3. സ്വതന്ത്ര മൂല്യനിർണ്ണയം - രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

മലപ്പുറം ജില്ലയിലെ ഒരു പ്രധാന വാണിജ്യ–വ്യവസായ കേന്ദ്രമായി വളർന്ന് കൊണ്ടിരിക്കുന്ന പ്രദേശമാണ് അങ്ങാടിപ്പുറവും വൈലോങ്ങരയും. മലപ്പുറം, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളായ ദേശീയ പാത 966 സംസ്ഥാന പാത 73, എന്നിവ കൂടിചേരുന്ന ഒരു കവലയാണ് വൈലോങ്ങര. ഇവിടെ നിലവിൽ അനുഭവപ്പെട്ട് കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾക്ക് പരിഹാരം ഉണ്ടാകുക എന്നത് തദ്ദേശീയരുടേയും വിവിധ ജില്ലകളിൽ നിന്നും അങ്ങാടിപ്പുറം, വൈലോങ്ങര ടൗണിലൂടെ ദൈനംദിനം യാത്ര ചെയ്യുന്നവരുടെയും പൊതുവായ ആവശ്യമാണ്. സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമ്മാണ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. ടി പദ്ധതി വൈലോങ്ങര ജംഗ്ഷനിൽ നിന്നും (SH 73) ആരംഭിച്ച് നെൽപ്പാടങ്ങളിലൂടെ കടന്നു പോയി ഒരാടം പാലം ജംഗ്ഷന് സമീപം (NH 966) അവസാനിക്കുന്നു. വൈലോങ്ങരയിലും, അങ്ങാടിപ്പുറത്തും നിലവിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഗതാഗത കുരുക്കുകൾക്ക് നിർദ്ദിഷ്ട പദ്ധതി ഒരു പരിഹാരമാകും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ വളാഞ്ചേരി–നിലമ്പൂർ റൂട്ടിലൂടെ അങ്ങാടിപ്പുറം കടക്കാതെ മലപ്പുറത്തേക്ക് യാത്രക്കാർക്ക് പ്രവേശിക്കുവാൻ കഴിയും എന്നതിനാൽ യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയും. കൂടാതെ റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും.

പദ്ധതിക്കായി അങ്ങാടിപ്പുറം വില്ലേജിൽ നിന്ന് ഏകദേശം 1.26 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള നിർമിതികളും (ചുറ്റുമതിൽ, കിണറുകൾ) ഫലവൃക്ഷങ്ങളും നഷ്ടമാകുകയും

ചെയ്യുന്നുണ്ട്. പദ്ധതി ബാധിത ഭൂമിയിലെ കൃഷി നഷ്ടമാകുന്നത് മൂലം 20 ഭൂവുടമകളുടെയും ഉപജീവന മാർഗ്ഗം നഷ്ടമാവുകയും, വരുമാന നഷ്ടമുണ്ടാവുകയും ചെയ്യും. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽവിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വേയിൽ പങ്കെടുത്ത ഭൂവുടമകളിൽ ഭൂരിഭാഗം ഭൂവുടമകൾക്കും പദ്ധതിയെക്കുറിച്ച് അനുകൂല മനോഭാവമാണ് എന്ന് മനസിലാക്കുന്നു.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

മലപ്പുറം ജില്ലയിൽ സംസ്ഥാന പാത 73 നെയും ദേശിയ പാത 966 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിൻെറ നിർമ്മാണ പദ്ധതിക്കു വേണ്ടി പെരിന്തൽമണ്ണ താലൂക്കിലെ അങ്ങാടിപ്പുറം വില്ലേജിൽ നിന്ന് ഏകദേശം 1.26 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം ഏതാനും ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്ന് മാത്രമല്ല തൊട്ടടുത്ത ജില്ലകളിലെ ജനങ്ങൾക്കും പ്രയോജനപ്രദമാകും എന്നതിനാൽ പദ്ധതി ബാധിത കുടുംബങ്ങൾ ഉൾപ്പടെയുള്ള ഭൂരിഭാഗം പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/ 2017/RD പ്രകാരവും പദ്ധതി ബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി

ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനസ്ഥാപനം എന്നിവ യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും ഒരാടം പാലം – വൈലോങ്ങര ബൈപ്പാസ് റോഡിന്റെ നിർമ്മാണ പദ്ധതിക്ക് വേണ്ടി അങ്ങാടിപ്പുറം വില്ലേജിൽ നിന്ന് 1.26 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിന്റെയും ചട്ടത്തിന്റെയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനഃരധിവാസ– പുനഃസ്ഥാപനം എന്നിവ പദ്ധതി ബാധിതർക്ക് നൽകുക.

- കൃഷിയിടങ്ങൾ നഷ്ടമാകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് സാധ്യമല്ല എന്ന ചില കുടുംബങ്ങളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ ടി സ്ഥലം കൂടി ഏറ്റെടുക്കലിൽ പരിഗണിക്കുകയോ സാധ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.

- ഭാഗികമായി പദ്ധതി ബാധിതമാകുന്ന കുടുംബങ്ങൾക്ക് പദ്ധതി നിർമ്മാണ ഘട്ടത്തിൽ താമസത്തിന് ബുദ്ധിമുട്ട് നേരിട്ടാൽ കുടുംബങ്ങളുടെ താമസത്തിന് ബദൽ സംവിധാനം ഒരുക്കേണ്ടതാണ്

- പദ്ധതി നിർമ്മാണഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

- പദ്ധതി ബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ടി സൗകര്യങ്ങൾ നിലനിറുത്തുന്നതിന് പദ്ധതി രൂപരേഖയിൽ സാധ്യമായ മാറ്റം പരിഗണിക്കുക.

- പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാ രത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. 2023 ഡിസംബർ 26 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 4186 ൽ പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലാ കളക്ടറിന്റെ 2023 ഡിസംബർ 16 തീയതിയിലെ വിജ്ഞാപനം നമ്പർ DCMPM/11470/2018-LA3
6. കേരള റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡവലപ്മെൻറ് കോർപറേഷൻ കാര്യാലയത്തിൽ നിന്ന് ലഭ്യമായ വിശദമായ പദ്ധതി രേഖ